നം. ഡി5/6/2023/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി. 12/09/2023

# സർക്കുലർ

വിഷയം: പൊതുവിദ്യാഭ്യാസം- ജീവനക്കാര്യം - പൊതുവിദ്യാഭ്യാസ വകുപ്പിലെ സർക്കാർ ഹൈസ്കൂൾ പ്രധാനാധ്യാപകർ/ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ സമാന തസ്തികകളിലേക്ക് 2023-24 അദ്ധ്യയനവർഷത്തേക്കുള്ള സ്ഥലംമാറ്റം - ഹയർ ഓപ്ഷൻ (I) അനുവദിക്കുന്നത് - സംബന്ധിച്ച്.

സൂചന
1. ഈ ഓഫീസിലെ 28/04/2023 തീയതിയിലെ ഇതേ നമ്പർ സർക്കുലർ
2. ഈ ഓഫീസിലെ 29/05/2023 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്
3. പൊതുവിദ്യാഭ്യാസ (സി) വകുപ്പിന്റെ 05/08/2023 തീയതിയിലെ സ.ഉ(സാധാ)നം.4504/23/പൊ.വി.വ ഉത്തരവ്
4. ഈ ഓഫീസിലെ 13/06/2023 തീയതിയിലെ ഡി4/182393/2020/ഡിജിഇ നമ്പർ ഉത്തരവ്

പൊതുവിദ്യാഭ്യാസ വകുപ്പിലെ സർക്കാർ ഹൈസ്കൂൾ പ്രധാനാധ്യാപകർ/ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സമാന തസ്തികയിലേക്കുള്ള 2023-24 വർഷത്തെ പൊതു സ്ഥലംമാറ്റ ഉത്തരവ് സൂചന(2) പ്രകാരം പുറപ്പെടുവിച്ചിരുന്നു. നിലവിൽ ഹൈസ്കൂൾ പ്രധാനാധ്യാപകർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സമാന തസ്തിക യിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിച്ചതിനെ തുടർന്നും , RILT സ്ഥലംമാറ്റം വഴിയും സംസ്ഥാനത്ത് HM/AEO തസ്തികകളിൽ ഒഴിവുകൾ ഉണ്ടായിട്ടുണ്ട്. 2023-24 അധ്യയന വർഷത്തിൽ പൊതു സ്ഥലംമാറ്റത്തിന് ഓൺലൈൻ മുഖാന്തിരം അപേക്ഷ സമർപ്പിച്ചവരിൽ **ഒന്നാം ഓപ്ഷൻ ലഭിച്ചവർ ഒഴികെ മറ്റുള്ളവർക്ക് വീണ്ടും ഹയർ ഓപ്ഷൻ അനുവദിക്കുന്നു.** ഹയർ ഓപ്ഷൻ ലഭിക്കുന്നതിന് താൽപ്പര്യമുള്ളവർ അവരുടെ യൂസർ നെയിം, പാസ് വേഡ് എന്നിവ ഉപയോഗിച്ച് tandp.kite.kerala.gov.in ൽ 'യെസ് ബട്ടൺ' അമർത്തേണ്ടതാണ്. നിലവിലുള്ള ഒഴിവുകൾ വെബ് സൈറ്റിൽ പരിശോധിക്കാവുന്നതാണ്. നിലവിൽ നൽകിയ ഓപ്ഷനുകളിൽ ഒരു കാരണവശാലും മാറ്റം വരുത്തുവാൻ അനുവദിക്കുന്നതല്ല. 22/09/2023 മുതൽ 28/09/2023 വൈകുന്നേരം 5 മണിവരെ അപേക്ഷ സമർപ്പിക്കാവുന്നതാണ്. **യെസ് ബട്ടൺ അമർത്താത്ത പ്രധാനാധ്യാപക/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെ ഹയർ ഓപ്ഷൻ അപേക്ഷ ഒരു കാരണവശാലും അനുവദിക്കുന്നതല്ല.**

പരാമർശം 3, 4 എന്നിവ വഴി നിലവിൽ വന്ന പ്രധാനാധ്യാപകർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സമാന തസ്തികയിലെ നിലവിലെ എല്ലാ ഒഴിവുകളും ബന്ധപ്പെട്ട **വിദ്യാഭ്യാസ ഉപഡയറക്ടർമാർ 20/09/2023 മുതൽ 21/09/2023 തീയതിയിൽ തന്നെ വെബ് സൈറ്റിൽ അപ് ലോഡ് ചെയ്യേണ്ടതാണ്. ഒഴിവുകൾ അപ് ലോഡ് ചെയ്യുമ്പോൾ ഒഴിവുകളുടെ കൃത്യത വിദ്യാഭ്യാസ ഉപഡയറക്ടർമാർ ഉറപ്പാക്കേണ്ടതാണ്.** സ്ഥാനക്കയറ്റം ലഭ്യമായ പ്രധാനാധ്യാപകർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ മാർ നിലവിലെ തസ്തികകളിൽ നിന്നും വിടുതൽ വാങ്ങി പുതിയ തസ്തികകളിലേയ്ക്ക് പ്രവേശിച്ചിട്ടുണ്ടോ എന്നും, ഇവർ സ്ഥാനക്കയറ്റം സ്വീകരിക്കുന്നുണ്ടോ എന്നും പരിശോധിച്ച് ഉറപ്പുവരുത്തിയ ശേഷം മാത്രം ഈ ഒഴിവുകൾ സ്ഥലംമാറ്റ സൈറ്റിൽ ഉൾപ്പെടുത്തേണ്ടതാണ്. (ഇത് വിദ്യാഭ്യാസ ഉപഡയറക്ടർമാർ കൃത്യമായി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്) പ്രിൻസിപ്പാൾ/ ജില്ലാ വിദ്യാഭ്യാസ ഓഫീസർ സ്ഥാനക്കയറ്റം ലഭ്യമായിട്ടുള്ളവരുടെ പ്രധാനാധ്യാപകർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ഒഴിവുകൾ പരിശോധിച്ച് RILT ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരായി സ്ഥാനക്കയറ്റം/സ്ഥലംമാറ്റം നേടുമ്പോൾ ഇവർ നിലവിൽ സേവനമനുഷ്ഠിച്ചിരുന്ന ഒഴിവുകളാണ് സൈറ്റിൽ അപ് ലോഡ് ചെയ്യേണ്ടത്. ഇത്തരത്തിൽ RILT പ്രിൻസിപ്പാൾ/ജില്ലാ വിദ്യാഭ്യാസ ഓഫീസർ മാരായി സ്ഥാനക്കയറ്റം/സ്ഥലംമാറ്റം നേടിയവർ പുതിയ തസ്തികയിൽ

പ്രവേശിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തിയ ശേഷം മാത്രം ഒഴിവുകൾ സൈറ്റിൽ ഉൾപ്പെടുത്തേണ്ടതാണ്.

താഴെ പറയുന്ന പ്രൊഫോർമയിൽ വെബ് സൈറ്റിൽ അപ് ലോഡ് ചെയ്ത ഒഴിവുകൾ ഈ ഓഫീസിലേയ്ക്ക് മാനുവൽ ആയി ഇ-മെയിൽ ചെയ്യേണ്ടതാണ്. അച്ചടക്ക നടപടിയുടെ ഭാഗമായി / പ്രാരംഭഘട്ടമായി സ്ഥലംമാറ്റപ്പെട്ട പ്രധാനാധ്യാപകർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ ഒരു കാരണവശാലും ഹയർ ഓപ്ഷനിൽ അപേക്ഷിക്കുവാനോ ഇത്തരം അപേക്ഷകൾ ഡിഡിഇ മാർ ശുപാർശ ചെയ്യുവാനോ പാടുള്ളതല്ല. 29/09/2023, 5 മണിക്കുമുമ്പ് വിദ്യാഭ്യാസ ഉപഡയറക്ടർമാർ പരിശോധിച്ച് ക്രമപ്രകാരമല്ലാതെ അപേക്ഷകൾ വിശദീകരണ സഹിതം വിദ്യാഭ്യാസ ഉപഡയറക്ടർ നിരാകരിക്കേണ്ടതാണ്.

| ക്രമ നം. | പ്രധാനാധ്യാപകർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സമാന തസ്തിക | ഒഴിവ് നിലവിൽ വന്ന തീയതി | റിമാർക്സ് |
|---|---|---|---|
| | | | |

**വേക്കൻസി യഥാവിധി അപ് ലോഡ് ചെയ്യാതെയും അപ് ലോഡ് ചെയ്യുന്നതിൽ അപാകത സംഭവിച്ചും, പ്രധാനാധ്യാപകർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സമാന തസ്തികകൾ ഒഴിഞ്ഞ് കിടക്കുകയും, ക്രമപ്രകാരമല്ലാത്ത സ്ഥലംമാറ്റം നടക്കുകയും ചെയ്താലുള്ള പൂർണ്ണ ഉത്തരവാദിത്തം ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് മാത്രമാണെന്ന് ഓർമ്മപ്പെടുത്തുന്നു. വേക്കൻസി അപ് ലോഡ് ചെയ്യുമ്പോൾ വേണ്ടത്ര പരിശോധന നടത്തി കൃത്യത ഉറപ്പ് വരുത്തേണ്ടതാണ്. ഭാഷാ ന്യൂനപക്ഷ വിഭാഗം വിദ്യാലയങ്ങളിലെ പ്രധാനാധ്യാപക ഒഴിവുകൾ പഞ്ചായത്ത് സ്കൂൾ പ്രധാനാധ്യാപക ഒഴിവുകൾ എന്നിവ അപ് ലോഡ് ചെയ്യേണ്ടതില്ലായെന്ന് ഓർമ്മപ്പെടുത്തുന്നു.**

ഹയർ ഓപ്ഷൻ പരിഗണിച്ച് സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കുന്ന തീയതി. 05/10/2023

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
   (ടി സർക്കുലർ താങ്കളുടെ അധികാരപരിധിയിലുള്ള എല്ലാ പ്രധാനാധ്യാപകർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സമാന തസ്തികയിൽ ജോലിചെയ്യുന്ന അധ്യാപകർക്കും സമയബന്ധിതമായി നൽകേണ്ടതാണ്)
2. വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ, കൈറ്റ്, പൂജപ്പുര, തിരുവനന്തപുരം
   (വെബ് സൈറ്റ് പ്രസിദ്ധീകരണത്തിനും ആവശ്യമായ നടപടി സ്വീകരിക്കുന്നതിനുമായി നൽകുന്നു.)
3. കരുതൽ ഫയൽ / ഓഫീസ് കോപ്പി

**E-mail Id:** [illegible]
**ഫോൺ നമ്പർ: 0471 2580512**